ഉത്തരം

(എ) ഉണ്ട്. സംസ്ഥാനത്തെ വിവിധ കോടതികളിൽ (എം.എ.സി.ടി. ഉൾപ്പെടെയുള്ള സിവിൽ ജുഡീഷ്യൽ കോടതികളിൽ) വിവിധ തസ്തികകൾ സൃഷ്ടിച്ചുകൊണ്ട് 24.9.98-ലെ ജി.ഒ.(എം.എസ്.) നമ്പർ 299/98 ഹോം നമ്പരായി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി)-(ഡി) ഹൈക്കോടതി ചൂണ്ടിക്കാണിച്ച പിശകുകൾ പരിശോധിച്ച ശേഷം മേൽപ്പറഞ്ഞ സർക്കാർ ഉത്തരവിൽ ആവശ്യംവേണ്ട തിരുത്തലുകൾ വരുത്തിക്കൊണ്ട് 8.6.99-ലെ ജി.ഒ.(എം.എസ്.)92/99/ഹോം നമ്പരായി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

70 (696) എക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിലെ എൽ.ഡി.കമ്പയിലർ, എൽ.ഡി. ഇൻവെസ്റ്റിഗേറ്റർമാരുടെ സ്ഥലംമാറ്റം

ശ്രീ. ജോർജ്ജ് ജെ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) എക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിലെ എൽ.ഡി. കമ്പയിലർ/ഇൻവെസ്റ്റിഗേറ്റർമാരുടെ അന്തർ ജില്ലാ സ്ഥലംമാറ്റങ്ങളെക്കുറിച്ച് 24.9.1983-ലെ 68057/എസ്.എച്ച്..83/ജി.എ.ഡി. നമ്പർ കത്തിലൂടെ വകുപ്പു അദ്ധ്യക്ഷന് നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോ;

(ബി) പ്രസ്തുത വകുപ്പിലെ , അന്തർ ജില്ലാ സ്ഥലംമാറ്റങ്ങളും ഹെഡ്ക്വാർട്ടേഴ്സിലേയ്ക്കുള്ള സ്ഥലംമാറ്റങ്ങളും സംബന്ധിച്ച വിശദമായ രജിസ്റ്റർ സൂക്ഷിക്കാറുണ്ടോ;

(സി) 1991-ൽ ജി.ഒ.(പി.) 36/91/പി.ആന്റ്.എ.ആർ.ഡി. തീയതി 2.12.1991-ലെ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചശേഷം ആർക്കെങ്കിലും സീനിയോറിറ്റി നഷ്ടപ്പെടാതെ അന്തർജില്ലാ സ്ഥലംമാറ്റം നൽകിയിട്ടുണ്ടോ; എങ്കിൽ എത്രപേർക്ക് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇല്ല.

(സി) ആർക്കും നൽകിയിട്ടില്ല.

71 (697) തിരുമല-പുത്തൻകട റോഡിലെ ഗതാഗതക്കുരുക്ക്

ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുമല-പുത്തൻകട റോഡിൽ നഗരസഭയുടെ ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സിനോട് ചേർന്ന് വാഹനങ്ങൾ പാർക്കുചെയ്യുന്നതുകൊണ്ടും സന്ധ്യാസമയത്ത് ഇവിടെ ചന്ത കൂടുന്നതുകൊണ്ടും ഗതാഗതത്തിന് തടസ്സമുണ്ടാകുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) 'നോ പാർക്കിംഗ്' ബോർഡ് സ്ഥാപിച്ചിട്ടുള്ള പ്രസ്തുത സ്ഥലത്ത് വാഹനങ്ങൾ പാർക്ക് ചെയ്യുന്നതുമൂലവും ചന്ത കൂടുന്നതു നിമിത്തവും ഉണ്ടാകുന്ന ഗതാഗതക്കുരുക്കും കാൽനടക്കാർക്ക് അനുഭവപ്പെടുന്ന ബുദ്ധിമുട്ടും പരിഹരിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ ഇതു പരിഹരിക്കുവാൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി)&(സി) 'നോ പാർക്കിംഗ്' ബോർഡ് സ്ഥാപിച്ചിട്ടുള്ള പ്രസ്തുത സ്ഥലത്ത് അനധികൃതമായി വാഹനങ്ങൾ പാർക്കു ചെയ്യുന്നവരെ കണ്ടുപിടിച്ച് പിഴ ഈടാക്കിയും ഗതാഗത തടസ്സം ഉണ്ടാകുന്നരീതിയിൽ റോഡരികിൽ കച്ചവടം നടത്തുന്നവരെ സ്ഥലത്തുനിന്നും നീക്കം ചെയ്തും നടപടികൾ നടത്തി വരുന്നുണ്ട്.

72 (698) തൃശ്ശൂർ പട്ടണത്തിലെ ഗതാഗത പ്രശ്നങ്ങൾ

ശ്രീ. കെ.പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃശ്ശൂർ പട്ടണത്തിലെ ഗതാഗത പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ട്രാഫിക് രംഗത്തുവരുത്തുവാൻ ഉദ്ദേശിക്കുന്ന പരിഷ്കാരങ്ങൾ എന്തൊക്കെയാണ്;

(ബി) നഗരത്തിൽ പുതിയതായി ട്രാഫിക് ഐലന്റുകൾ ഏതൊക്കെ സ്ഥലങ്ങളിലാണ് സ്ഥാപിക്കുന്നത്;

(സി) കൂർക്കഞ്ചേരി ജംഗ്ഷനിലെ ഗതാഗതക്കുരുക്ക് കണക്കിലെടുത്ത് ഒരു ട്രാഫിക് ഐലന്റ് ഇവിടെ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) തൃശ്ശൂർ-തൃപ്രയാർ-ഇരിങ്ങാലക്കുട റൂട്ടിലെ പ്രധാന ജംഗ്ഷനായ ചേർപ്പ് പെരുമ്പള്ളിശ്ശേരി ജംഗ്ഷനിൽ അപകടങ്ങൾ ഒഴിവാക്കാനും വാഹനങ്ങളുടെ അമിതവേഗത നിയന്ത്രിക്കുന്നതിനുമായി ഒരു ട്രാഫിക് ഐലന്റ് സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ബി) തൃശ്ശൂർ നഗരത്തിൽ പുതുതായി ട്രാഫിക് ഐലന്റുകൾ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നില്ല.

(സി) നടപടി സ്വീകരിച്ചുവരുന്നു.

(ഡി) പെരുമ്പള്ളിശ്ശേരിൽ ഇപ്പോൾ റോഡ് ഡിവൈഡർ സ്ഥാപിച്ചിട്ടുള്ളതും ട്രാഫിക് ഐലന്റ് സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നതുമാണ്.

LIBRARY ARCHIVES Kerala Legislative Assembly